# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.489 10.03.2015-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

**ശ്രീ. ബി. സത്യൻ**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## നടപ്പ് സാമ്പത്തിക വർഷത്തെ നികുതി വരുമാനം സംബന്ധിച്ച്

| | | |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലക്ഷ്യമിട്ട നികുതി വരുമാനം എത്ര കോടിയായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷം വിവിധ നികുതിയിനങ്ങളിൽ ലക്ഷ്യമിട്ട തുകയുടേയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി മാസം വരെ ലഭിച്ച യഥാർത്ഥ തുകയുടേയും വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ലഭിച്ച നികുതി വരുമാനം എത്ര; ഇനം തിരിച്ച് വെളിപ്പെടുത്താമോ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം വർദ്ധന ഉണ്ടായി; | |
| (സി) | ഏതെല്ലാം മേഖലകളിൽ നിന്നാണ് പ്രധാനമായും നികുതി വരവിൽ കുറവുണ്ടായിട്ടുള്ളത്; ആയതിന്റെ പ്രമുഖ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | 2015 ജനുവരി മാസം വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മുദ്ര പത്രവും രജിസ്ട്രേഷനും, സംസ്ഥാന എക്സൈസ്, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലേതിനേക്കാൾ കുറവ് നികുതിയാണ് ലഭിച്ചത്. കാർഷിക-നാണ്യ വിളകൾക്കുണ്ടായ വിലയിടിവും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും സർക്കാരിന്റെ മദ്യ നയത്തിലുണ്ടായ വ്യതിയാനവുമാണ് മേൽ നികുതി ഇനങ്ങളിൽ കുറവ് വരാനുള്ള പ്രധാന കാരണങ്ങൾ. |

സെക്ഷൻ ഓഫീസ്ർ

| അനുബന്ധം | | | |
|---|---|---|---|
| നികുതി ഇനങ്ങൾ | 2014-15 | | |
| | ബഡ്ജറ്റ് എസ്റ്റിമേറ്റ് | ജനുവരി മാസം വരെയുള്ള കണക്കുകൾ | ശതമാനം |
| | | | രൂപ കോടിയിൽ |
| കോർപ്പറേഷൻ നികുതി | 3241.71 | 2166.4 | 67% |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായ നികുതി | 2006.57 | 1446.4 | 72% |
| കാർഷികാദായ നികുതി | 26.35 | 4.06 | 15% |
| വരവ്-ചെലവിന്മേലുള്ള മറ്റു നികുതികൾ | .. | .. | .. |
| ഭൂ നികുതി | 169.57 | 120.62 | 71% |
| മുദ്രപത്രവും രജിസ്ട്രേഷനും | 3733.67 | 2103.15 | 56% |
| സമ്പത്ത് നികുതി | 8.11 | 5.00 | 62% |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 90.14 | 74.46 | 83% |
| കസ്റ്റംസ് തീരുവ | 1513.36 | 1004.42 | 66% |
| കേന്ദ്ര എക്സൈസ് തീരുവ | 1065.52 | 662.16 | 62% |
| സംസ്ഥാന എക്സൈസ് | 3208.36 | 1425.21 | 44% |
| വിൽപ്പന നികുതി | 31913.47 | 22547.82 | 71% |
| വാഹന നികുതി | 2799.82 | 1970.91 | 70% |
| ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതി | .. | .. | .. |
| വൈദ്യുതിയിന്മേലുള്ള നികുതികളും തീരുവകളും | 309.14 | 39.55 | 13% |
| സേവന നികുതി | 1530.09 | 1139.32 | 74% |
| ക്രയ വസ്തുക്കളേയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 216.97 | 154.68 | 71% |
| **ആകെ നികുതി വരുമാനം** | **51832.85** | **34864.16** | **67%** |

സെക്ഷൻ ഓഫീസർ